**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **07-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ടല്ലൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം കണ്ടല്ലൂർ സഹകരണ ബാങ്കിൽ സ്വർണപ്പണയ വായ്പ അടക്കമുള്ള വിവിധ ഇനങ്ങളിൽ ലക്ഷങ്ങളുടെ ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കായംകുളം കണ്ടല്ലൂർ സഹകരണ ബാങ്കിൽ സ്വർണപ്പണയ വായ്പ അടക്കമുള്ള വിവിധ ഇനങ്ങളിൽ ക്രമക്കേട് നടന്നതായി സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അനധികൃത ഇടപാടുകൾ വഴി ബാങ്കിനുണ്ടായ നാല്പത്തൊമ്പത് ലക്ഷത്തിലധികം രൂപയുടെ നഷ്ടം ഉത്തരവാദികളിൽനിന്ന് പതിനെട്ട് ശതമാനം പലിശ സഹിതം ഈടാക്കണമെന്ന് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ; | (ബി) | അനധികൃത ഇടപാടുകൾ വഴി ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കണമെന്ന് പരിശോധന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കണ്ടല്ലൂർ സഹകരണ ബാങ്കിൽ നടത്തിയ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം ചട്ടം 66(5) പ്രകാരം ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ